(ഡി) അങ്കമാലി–ശബരിമല പാതയ്ക്ക് ഏകദേശം 517 ഹെക്ടർ ഭൂമിയാണ് ആവശ്യം. ഭൂമിയേറ്റെടുക്കാൻ ഇതുവരെയും നടപടി തുടങ്ങിയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ വനം റോഡുകളുടെ പരിഷ്ക്കരണ പ്രവൃത്തികൾ

93 [586] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെമ്മരംകയം–ആമച്ചാൽ കമ്പല്ലൂർ, കോട്ടമല വളഞ്ഞങ്ങാനം വനം റോഡുകളുടെ പരിഷ്ക്കരണ നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെമ്മരംകയം–ആമച്ചാൽ കമ്പല്ലൂർ, കോട്ടമല–വളഞ്ഞങ്ങാനം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 2004–05 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂരിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കുന്ന റോഡുകൾ

94 [587] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി വനം വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോന്നിനും എത്ര ലക്ഷം രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അടിയന്തിരമായി അംഗീകാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) മണിയാർ–കട്ടച്ചിറ റോഡാണ് നബാർഡ് സഹായത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) 7.5 കി.മീ. നീളമുള്ള മണിയാർ–കട്ടച്ചിറ റോഡിന് 1999–ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 38 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ 1–12–2004 മുതൽ പി.ഡബ്ലിയു.ഡി. ഷെഡ്യൂൾഡ് റേറ്റുകൾ പുതുക്കി നിശ്ചയിച്ചു. പുതുക്കിയ നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടി പൂർണ്ണമാകാത്തതാണ് പദ്ധതിക്ക് അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം;

(ഡി) പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തടസ്സം

95 [588] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ പി. ശങ്കരൻ:
„ കെ. അച്ചുതൻ:
ശ്രീമതി രാധാരാഘവൻ:
„ മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനെ വനം വകുപ്പ് തടഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അപ്രകാരം സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ;

(സി) ശബരിമല തീർത്ഥാടകർക്ക് സൗകര്യം ചെയ്യാതിരിക്കുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുവാൻ വനഭൂമി വിട്ടുകിട്ടുന്നതിനായി തിരുവിതാംകൂർ ദേവസ്വംബോർഡ് വനം വകുപ്പിന് സമർപ്പിച്ചിരുന്ന വിവിധ പദ്ധതികൾ സർക്കാർ കേന്ദ്രാനുമതിക്കായി അയച്ചു കൊടുത്തിരുന്നു. സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെ തുടർന്ന് ആദ്യപടിയായി നിലയ്ക്കലിൽ സാറ്റലൈറ്റ് ടൗൺഷിപ്പ് (ബേസ് ക്യാമ്പ്) സ്ഥാപിക്കുന്നതിനായി 50 ഏക്കർ (20 ഹെക്ടർ) വനഭൂമി, ഉപാധികൾക്ക് വിധേയമായി ദേവസ്വം ബോർഡിന് വിട്ടുകൊടുക്കുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. പമ്പ, കക്കി നദികളിൽ ജലസേചന വകുപ്പ് നടപ്പാക്കാനുദ്ദേശിച്ച പണികൾക്കായി 1.4425 ഹെക്ടർ വനം ലഭ്യമാക്കുവാനും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഫാമിംഗ് കോർപ്പറേഷന് പാട്ടത്തിന് നൽകിയിരുന്നതിൽ ഇപ്പോൾ അനുവാദം കിട്ടിയ 50 ഏക്കർ കഴിച്ച് ബാക്കിയുള്ള സ്ഥലം കൂടി ദേവസ്വംബോർഡിന് നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ശബരിമല തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനുള്ള ചുമതല ദേവസ്വംബോർഡിനാണ്. ഇതിനാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം കേന്ദ്രാനുമതി ആവശ്യമാണ്. ശബരിമല ഉൾപ്പെട്ട സ്ഥലം പെരിയാർ വന്യമൃഗ സങ്കേതത്തിൽപ്പെട്ടതിനാൽ, വനഭൂമിയെ വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇൻഡ്യൻ ബോർഡ് ഓഫ് വൈൽഡ് ലൈഫ്സിന്റെയും സുപ്രീം കോടതിയുടെയും മുൻകൂർ അനുവാദം ആവശ്യമാകയാൽ കാലതാമസം വേണ്ടിവരുന്നുണ്ട്. മേൽ നിബന്ധനകൾ സമയബന്ധിതമായി നിറവേറ്റി ശേഷിച്ച പദ്ധതികൾക്കും കേന്ദ്രാനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly